Mr. J. John Kattakayam : ഈ കേസ്സുണ്ടായിട്ട് എത്രകാലമായി?

Mr. K. N. Kesava Pillai: ആറു മാസമായിരിക്കും.

Mr. J. John Kattakayam: ഇതുവരേയും ഈ കേസു തീർക്കാത്തതു എന്തുകൊണ്ടാണ്.

Mr. K. N. Kesava Pillai: അതിനെപ്പറ്റിയുള്ള അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ടു വന്നിട്ടില്ല. ഇപ്പോഴും അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

Removal of sand from coastal lands.

85. ***Mr. J. John Kattakayam :** Will the Government be pleased to state whether any complaints have been received by them from the inhabitants of coastal areas as regards the removal of sand from the coastal lands ?

Rao Bahadur Dr. N. Kunjan Pillai : Yes.

Mr. J. John Kattakayam : ഇതിനെപ്പറ്റി വല്ലപരാതിയും ഗവണ്മെൻറിലേക്കു കിയിട്ടുണ്ടോ?

Rao Bahadur Dr. N. Kunjan Pillai : ഉണ്ടെന്നു ഉത്തരം പറഞ്ഞിട്ടുണ്ട്.

Mr. J. John Kattakayam : അതിനെപ്പറ്റി എന്തു നടപടി നടത്തി.

Rao Bahadur Dr. N. Kunjan Pillai: ആവശ്യമുള്ള നടപടികളെല്ലാം നടത്തിട്ടുണ്ട്.

Mr. J. John Kattakayam: ആ നടപടിയുടെ പ്രകൃതമെന്തെന്നു പറയാമോ?

Rao Bahadur Dr. N. Kunjan Pillai: മോണോസൈറ്റു മണ്ണെടുത്തുകൊണ്ടു പോകുന്നതുകൊണ്ടു മത്സ്യംപിടിക്കുന്നതിനു ദുഷ്യമുണ്ടാകുന്നുവെന്നും, കരഇടിഞ്ഞുവീഴുന്നുവെന്നും, പുറമ്പോക്കു സ്ഥലങ്ങളിൽ പ്രവേശിച്ചു എന്നുംമറുമാണു പരാതി. അതിൽ ആദ്യം പറഞ്ഞതിനെപ്പറ്റി ആലോചിച്ചതിൽ അതുനിമിത്തം ദോഷമില്ലെന്നുകണ്ടു. എൻക്രോച്ചുമെൻറിനെ സംബന്ധിച്ചു കേസ്സെടുത്തിട്ടുണ്ടു.

Mr. E. P. Varghese: May I know whether Government get any royalty from the collection of this sand ?

Rao Bahadur Dr. N. Kunjan Pillai : Yes, Sir.

Mr. E. P. Varghese : What is the amount that is given ?

Rao Bahadur Dr. N. Kunjan Pillai: It depends upon th e minerals exported. I cannot give the exact rates now.

LIBRARY ARCHIVES Kerala Legislative Assembly

Mr. A. N. Visvanatha Pillai (*Quilon cum Karunagapalli*) ഇതിനു റേറു് എങ്ങിനെയാണു് നിശ്ചയിച്ചിരിക്കുന്നതു്?

Rao Bahadur Dr. N. Kunjan Pillai: മോണോസൈറു്, ഇൽമിനൈറു്, ഗാർനെറു് എന്നിവക്കു് പ്രത്യേകംപ്രത്യേകം റേറുകളാണു നിശ്ചയിച്ചിട്ടുള്ളതു്.

Mr. A. N. Visvanatha Pillai: ഏതിനെ അടിസ്ഥാനപ്പെടുത്തിയാണു ഈ റേറു നിശ്ചയിക്കുന്നതു്?

Rao Bahadur Dr. N. Kunjan Pillai: ലണ്ടൻ മാർക്കറിലെ വിലയെ ആസ്പദമാക്കിയാണു റേറു നിശ്ചയിച്ചിരിക്കുന്നതു്.

Tahsildar, Todupuzha.

86. ***Mr. J. John Kattakayam**: Will the Government be pleased to state whether any action has been taken against the mischievous persons responsible for the exhibition of cartoons in public places to calumniate the head of the Todupuzha Taluk Office on the ground that he is an Ezhava?

Rao Bahadur Dr. N. Kunjan Pillai: No.

Mr. J. John Kattakayam: അതിനെപ്പറ്റി പരാതിയുണ്ടായിട്ടുണ്ടോ?

Rao Bahadur Dr N. Kunjan Pillai: ഉണ്ടു്.

Mr. J. John Kattakayam: ആ പരാതിയനുസരിച്ചു് അന്വേഷണം നടത്തിയിട്ടുണ്ടോ?

Rao Bahadur Dr. N. Kunjan Pillai: ഉണ്ടു്.

Mr. J. John Kattakayam: അന്വേഷണഫലമെന്തെന്നു പറയാമോ?

Rao Bahadur Dr. N. Kunjan Pillai: അങ്ങിനെ ചെയ്തിട്ടുള്ളതു് ആരാണെന്നു കണ്ടുപിടിക്കുവാൻ സാധിച്ചിട്ടില്ല. അതുകൊണ്ടാണു് അതിനെ സംബന്ധിച്ചു കൂടുതൽ നടപടി നടത്താൻ സാധിക്കാത്തതു്.

Mr. M. N. Paramesvaran Pillai: May I know whether cartoons were exhibited by anybody?

Rao Bahadur Dr. N. Kunjan Pillai: A report was received to the effect that cartoons were exhibited.

Insulting the Todupuzha Tahsildar

87. ***Mr. J. John Kattakayam**: Will the Government be pleased to state:

(*a*) whether an individual belonging to 'the five hundred' in the Todupuzha taluk, has grossly insulted the local Tahsildar, his subordinate, the Deputy Tahsildar, and others during office-hours,

LIBRARY ARCHIVES Kerala Legislative Assembly